**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് രണ്ട് ലക്ഷം രൂപയിൽ കൂടുതൽ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് കേന്ദ്ര സർക്കാർ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ നിഷേധിച്ച സാഹചര്യത്തിൽ വരുമാന പരിധിയില്ലാതെ മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റിലോ/റിസർവേഷനിലോ പ്രവേശനം നേടുന്ന രണ്ടര ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നിഷേധിച്ചപ്പോൾ, സംസ്ഥാന സർക്കാർ പ്രത്യേകമായി ബഡ്ജറ്റിൽ തുക വകയിരുത്തി വരുമാനപരിധി ബാധകമാക്കാതെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. |
| (ബി) | പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ വിദ്യാർത്ഥികൾക്ക് ലഭിക്കാനുള്ള മുഴുവൻ തുകയും സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതിയ മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2021-22 അധ്യയന വർഷം മുതൽ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് വിതരണം ചെയ്യുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. നിലവിൽ 2021-22 അധ്യയന വർഷം ലഭിച്ച സ്കോളർഷിപ്പ് അപേക്ഷകളിൽ സംസ്ഥാന വിഹിതം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2022-23 അധ്യയന വർഷം മുതൽ പുതിയ സാങ്കേതിക നിബന്ധനകൾ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത നിബന്ധനകളുമായി ബന്ധപ്പെട്ട സാങ്കേതിക സംവിധാനങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് യഥാസമയം ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടതിനാൽ വിദ്യാർത്ഥികളുടെ അപേക്ഷകൾ 2022 നവംബർ മുതൽ മാത്രമാണ് സ്വീകരിക്കുവാൻ കഴിഞ്ഞത്. പുതിയ സാങ്കേതിക സംവിധാനങ്ങളുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നതോടൊപ്പം 2022-23 അധ്യയന വർഷത്തെ പട്ടികജാതി, പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വിദ്യാർഥികളുടെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ ജന വിഭാഗങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകി വിദ്യാഭ്യാസപരവും സാമൂഹികവുമായ പുരോഗതിയിലേക്ക് കൈപിടിച്ചുയർത്തുന്നതിനുവേണ്ടി സർക്കാർ നടപ്പിലാക്കുന്ന നൂതന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് വിദ്യാഭ്യാസപരവും സാമൂഹികവുമായ പുരോഗതിയിലേക്ക് കൈപിടിച്ചുയർത്തുന്നതിനുവേണ്ടി<br>ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**<u>വിദ്യാഭ്യാസ സാമൂഹിക പദ്ധതികൾ:</u>** -<br>1. പ്രീ-മെട്രിക്ക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി<br>2. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി.<br>3. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ<br>4. ഇതര സംസ്ഥാന പഠനം<br>5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി.<br>6. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br>7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം<br>8. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.<br>9. ലാപ്ടോപ്പ് വിതരണം<br>10. പഠന മുറി പദ്ധതി<br>11. മെന്റർ ടീച്ചർ പദ്ധതി<br>12. ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി<br>13. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം<br>14.വിങ്ങ്സ്-വൈമാനിക പരിശീലന പരിപാടി<br>15. TRACE - തൊഴിൽ നൈപുണ്യ വികസന - പരിശീലന പദ്ധതി<br>16. സ്വയം തൊഴിൽ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | 17. SAFE - ഭവന പൂർത്തീകരണ പദ്ധതി.<br><br>18. ഭൂരഹിത പുനരധിവാസ പദ്ധതി.<br><br>19. അംബേദ്കർ ഗ്രാമ വികസന പദ്ധതി.<br><br>20. ദുർബല വിഭാഗ പുനരധിവാസ പദ്ധതി |
| (ഡി) | പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാൻറ്റ് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സംബന്ധിച്ച് നേരിട്ടോ ഇ-മെയിൽ/ഫോൺ മുഖേനയോ ഉള്ള പരാതികൾ പരിഹരിക്കുന്നതിനും സാങ്കേതിക സഹായങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുവാനുമായി ജില്ലാതലങ്ങളിലും ഡയറക്ടറേറ്റിലും Exclusive Customer Supporting System എന്ന നിലയിൽ സപ്പോർട്ടിംഗ് എഞ്ചിനിയർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഓൺലൈനായി പരാതി സമർപ്പിക്കുന്നതിന് ഇ-ഗ്രാന്റ്സ് പോർട്ടലിൽ Grievance Redressal Software System ഏർപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് വകുപ്പ് ടോൾഫ്രീ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വകുപ്പ് മന്ത്രിക്ക് നേരിട്ട് പരാതി നൽകുന്നതിനായി പ്രത്യേക ഇ-മെയിൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ